നം:ജെ6/22274/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 23.06.2017

# ക്വട്ടേഷൻ നോട്ടീസ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലും അനക്സിലുമായി ഉപയോഗത്തിലിരിക്കുന്ന താഴെപ്പറയുന്ന മോഡൽ കമ്പ്യൂട്ടർ പ്രിന്ററുകളുടെ - ടോണർ കാട്രിഡ്ജുകൾ 2017-18 വർഷത്തേയ്ക്ക് വിതരണം ചെയ്യുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | | | |
|---|---|---|---|
| 1. | എച്ച്.പി.ലേസർ ജെറ്റ് | - | 1606.ഡി.എൻ |
| 2. | എച്ച്.പി.ലേസർ ജെറ്റ് | - | 1566 |
| 3. | എച്ച്.പി.ലേസർ ജെറ്റ് | - | 5200 dtn |
| 4. | എച്ച്.പി.ലേസർ ജെറ്റ് | - | പി 1022 |
| 5. | എച്ച്.പി. ലേസർ ജെറ്റ് | - | സിപി 1025 colour |
| 6. | എച്ച്.പി.ലേസർ ജെറ്റ് | - | 1020 |
| 7. | എച്ച്.പി.ലേസർ ജെറ്റ് | - | 1160 |
| 8. | എച്ച്.പി.ലേസർ ജെറ്റ് | - | എം 1136 MFP |
| 9. | കാനൻ- എൽബിപി | - | 6030ബി |
| 10. | കാനൻ - എൽ.ബി.പി | - | 2900ബി |
| 11. | RICHO | - | MP 2501 |

ടി സാധനങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിലെയും അനക്സിലുമുള്ള കമ്പ്യൂട്ടർ പ്രിന്ററുകളുടെ ടോണർ കാട്രിഡ്ജുകളിൽ 2017-18 വർഷത്തിൽ ടോണർ റീഫിൽ/റീമാനുഫാക്ചറിംഗ്, ടോണർ കാട്രിഡ്ജിന്റെ സ്പെയറുകളായ OPC Drum മാറ്റൽ, PCR/MRS മാറ്റൽ, Wiper/Doctor Blades മാറ്റൽ / AI ചിപ്പ് മാറ്റൽ തുടങ്ങിയവ ചെയ്യുന്നതിനും ഉള്ള ദർഘാസുകൾ കൂടി ക്ഷണിച്ചുകൊള്ളുന്നു. മുദ്രവച്ച ദർഘാസുകൾ 05.07.2017 തീയതി വൈകുന്നേരം 4 മണിയ്ക്ക് മുൻപായി വികാസ് ഭവനിലുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ടി ദർഘാസുകൾ അന്നേ ദിവസം 4.30-ന് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. മുദ്ര വച്ച ദർഘാസുകൾ തരുമ്പോൾ <u>Quotation for Supply of Printer Cartridge and Refill charges for the year 2017-18</u> എന്ന് കവറിന് മുകളിൽ രേഖപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, വികാസ്ഭവൻ, ആറാംനില, തിരുവനന്തപുരം എന്ന വിലാസത്തിൽ

01969888
GOVERNMENT OF KERALA

അയച്ചു തരേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ദർഘാസുകൾ കാരണം കാണിയ്ക്കാതെ നിരസിയ്ക്കുന്നതിനുള്ള അധികാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

**മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു.**

1. ഓരോ മോഡൽ പ്രിന്റർ ടോണർ കാട്രിഡ്ജുകളുടെ തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

2. ഓരോ മോഡൽ പ്രിന്ററുകളുടേയും ടോണർ റീഫിൽ/റീമാനുഫാക്ചറിംഗ് ചെയ്യുന്നതിനുള്ള വില രേഖപ്പെടുത്തേണ്ടതാണ്.

3. ഒരു ടോണർ റീഫില്ലിംഗിൽ കുറഞ്ഞത് എത്ര കോപ്പികൾ എടുക്കുവാൻ സാധിക്കും എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

4. ടോണർ കാട്രിഡ്ജുകളുടെ ഡ്രം യൂണിറ്റ് മറ്റ് പാർട്സുകൾ എന്നിവ മാറ്റുന്നതിന് വേണ്ടി വരുന്ന തുകകൾ ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

5. ടോണർ കാട്രിഡ്ജ് റീ-മാനുഫക്ചറിംഗ് നടത്തുന്നതിനുള്ള തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

6. ഈ ദർഘാസ് പ്രകാരം കരാർ ഉറപ്പിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ഈ കരാറിന് പ്രാബല്യം ഉണ്ടായിരിക്കും.

7. കരാർ നിയമ പ്രകാരമുള്ള പ്രവർത്തികളിൽ വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്യുന്നതിനുള്ള അധികാരവും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള അധികാരവും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
ഡോ.പി.അനിതാ ദമയന്തി,
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ. i/c

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (ഓഫീസ്)
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ ഇടുന്നതിനുവേണ്ടി
3. നടപ്പു ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

Gayathridevi I.P
സൂപ്രണ്ട്

പി.ജി.24.06.2017

0196984